# സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം

ഏപ്രിൽ 5, 2018 കരമന, തിരുവനന്തപുരം

## പത്രക്കുറിപ്പ്

## ജി.എസ്.ടി. വകുപ്പ് ഇന്റലിജൻസ് സ്ക്വാഡുകളെ കാര്യക്ഷമമാക്കുന്നു.

തിരുവനന്തപുരം: ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് സ്ക്വാഡുകളുടെ പ്രവർത്തനം ആധുനീകരിക്കാനൊരുങ്ങി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്.

നികുതി ചെക്പോസ്റ്റുകൾക്ക് പകരം ഇ–വേബിൽ സംവിധാനം നിലവിൽ വന്നതോടെ സംസ്ഥാനത്തെ വാഹന പരിശോധനാ രീതിയിലും വലിയ മാറ്റം വരുകയാണ്. ഇ–വേബിൽ നിലവിൽ വന്നതിന് ശേഷം അന്തർ സംസ്ഥാന ചരക്ക് നീക്കത്തിനായി പ്രതിദിനം ശരാശരി 10000 ഇ–വേബില്ലുകളാണ് കേരളത്തിലേക്ക് എടുക്കുന്നത്. സംസ്ഥാനത്തിനകത്തെ ചരക്ക് നീക്കത്തിനുകൂടി ഇ–വേബിൽ നിർബന്ധമാക്കുന്നതോടേ പ്രതിദിന ഇ–വേബില്ലിന്റെ എണ്ണം പതിന്മടങ്ങ് വർദ്ധിക്കും. എന്നാൽ നിലവിൽ ചരക്ക് സേവന നികുതി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്നത് 80 ഇന്റലിജൻസ് സ്ക്വാഡുകളാണ്. മാത്രമല്ല ഇ–വേബിൽ സംവിധാനത്തിൽ ഒരു ചരക്ക് വാഹനത്തെ ഏതെങ്കിലും സംസ്ഥാനത്ത് പരിശോധിച്ചാൽ പുനർപരിശോധന നടത്തണമെങ്കിൽ കാരണം വ്യക്തമാക്കുകയും വേണം. ഇതിനാൽ ഇന്റലിജൻസ് സ്ക്വാഡുകളുടേ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ മാത്രമേ സംസ്ഥാനത്തിന്റെ നികുതി ചോർച്ച പരിഹരിക്കാൻ കഴിയു.

നടപടികളുടെ ഭാഗമായി ഇന്റലിജൻസ് സ്ക്വാഡുകൾ കഴിഞ്ഞ അഞ്ച് വർഷം പിടിച്ച നികുതി വെട്ടിപ്പിന്റെ വിവരങ്ങൽ ഓൺലൈൻ സംവിധാനത്തിൽ ലഭ്യമാക്കും. നികുതി വെട്ടിപ്പ് വിവരങ്ങൾ ഓൺലൈനാക്കുന്ന ജോലികൾ തിരുവനന്തപുരം സോൺ ഇതിനകം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. വിവരങ്ങൾ ഓൺലൈൻ ആകുന്നതോടെ നികുതി വെട്ടിപ്പുകാരുടെ പ്രവർത്തന രീതി, സ്ഥിരം നികുതി വെട്ടിപ്പുകാരായ വ്യാപാരികൾ

തുടങ്ങിയ ഒട്ടനവധി ഇന്റലിജൻസ് വിവരങ്ങൾ സംസ്ഥാനത്തെ മുഴുവൻ ഇന്റലിജൻസ് സ്‌ക്വാഡുകൾക്കും ലഭ്യമാകും. ഇത് സ്‌ക്വാഡുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനൊപ്പം പരിശോധന ആവശ്യമായ വാഹനങ്ങൾ തിരഞ്ഞെടുക്കാനും സ്‌ക്വാഡുകൾക്ക് സഹായകമാകും. കൂടാതെ തീർപ്പാക്കാനുള്ള നികുതി വെട്ടിപ്പ് കേസുകൾ സമയബന്ധിതമായി തീർപ്പാക്കാനും സഹായിക്കും.

മുൻ വർഷത്തെ വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കാൻ അഞ്ച് മുതൽ ഏഴ് അംഗങ്ങൾ വരെയുള്ള സ്‌ക്വാഡിലെ ഒരംഗത്തിനാണ് ചുമതല. സ്‌ക്വാഡിന്റെ ദൈനന്തിന പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത രീതിയിലാണ് പ്രവർത്തനങ്ങൾ നടക്കുന്നതെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് അറിയിച്ചു.